പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2233 — 23.01.2014-ൽ മറുപടിയ്ക്ക്

## കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിലുണ്ടായ നഷ്ടം

ചോദ്യം

ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീമതി. ഇ. എസ്. ബിജിമോൾ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങുന്നതിലുണ്ടായ പാളിച്ചകൾ കാരണം എന്തെങ്കിലും നഷ്ടം വന്നതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇപ്രകാരം കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(എ) വൈദ്യുതി വാങ്ങുന്നതിൽ ബോർഡിന് പാളിച്ചകൾ ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം സംസ്ഥാനത്ത് മൺസൂൺ മഴയിലുണ്ടായ കുറവ് മൂലം ജലവൈദ്യുതി ഉൽപ്പാദനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ 2144 ദശലക്ഷം യൂണിറ്റിന്റെ കുറവാണുണ്ടായിട്ടുള്ളത്. കൂടാതെ കൽക്കരിയുടെ ലഭ്യതയിലുണ്ടായ കുറവുമൂലവും, കൂടംകുളം എൻ. എൽ. സി എക്സ്പാൻഷൻ തുടങ്ങിയ നിലയങ്ങൾ കമ്മീഷൻ ചെയ്യുന്നതിലുണ്ടായ കാലതാമസം മൂലവും കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് പ്രതീക്ഷിച്ചതിനേക്കാൾ ഏകദേശം 946 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതോപയോഗം ക്രമാതീതമായി വർദ്ധിക്കുകയും 2012-13-ൽ സംസ്ഥാനത്തെ ഉപയോഗം 630 ദശലക്ഷം യൂണിറ്റ് വർദ്ധിക്കുകയും ഉണ്ടായി.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്തുണ്ടായ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് മറ്റു മേഖലകളിലുള്ള വ്യാപാരികളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ മറ്റു മേഖലകളിൽ നിന്ന് ദക്ഷിണ ഗ്രിഡിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന്റെ പ്രസരണ ശൃംഖലയിലുള്ള പരിമിതി കാരണം ടി വൈദ്യുതി കൊണ്ടു വരുന്നതിന് ഓപ്പൺ ആക്സസ് ലഭിക്കുകയുണ്ടായില്ല. കൂടാതെ മൺസൂൺ മഴയിലുണ്ടായ കുറവ് മൂലം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം തന്നെ ജലവൈദ്യുതി ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും രൂക്ഷമായ വൈദ്യുതി പ്രതിസന്ധി

നിലനിൽക്കുകയും ചെയ്തിരുന്നു.

ഇക്കാരണങ്ങളാൽ സംസ്ഥാനത്ത് നിലനിന്നിരുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിച്ചത് എനർജി എക്സ്ചേഞ്ചുകളിൽ നിന്നും, ദക്ഷിണേന്ത്യയിൽ നിന്നുള്ളാ വൈദ്യുതി വ്യാപാരികളിൽ നിന്നും കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയാണ്. 2012 കാലയളവിൽ വൈദ്യുതി ബോർഡ്, എനർജി എക്സ്ചേഞ്ചുകളിൽ നിന്നും ഏകദേശം 1200 ദശലക്ഷം വൈദ്യുതി, യൂണിറ്റൊന്നിന് 6.96/- രൂപ നിരക്കിലും 1800 ദശലക്ഷം യൂണിറ്റ് വൈദ്യുതി 6.16/- രൂപ നിരക്കിലും വ്യാപാരികളിൽ നിന്നും വാങ്ങുകയുണ്ടായി. ഇതു കൂടാതെ ഈ കാലയളവിൽ വൈദ്യുതി ബോർഡ് 1650 ദശലക്ഷം യൂണിററ് വൈദ്യുതി ദ്രവ ഇന്ധന നിലയങ്ങളായ കായംകുളം എൻ. റ്റി. പി. സിയിൽ നിന്നും, കൊച്ചി ബി. എസ്. ഇ. എസിൽ നിന്നും യൂണിറ്റിന് ശരാശരി 12 രൂപയിലധികം കൊടുത്ത് വാങ്ങുകയുണ്ടായി.

മേൽ വിവരിച്ച പ്രകാരം വില കൂടിയ വൈദ്യുതി വാങ്ങി ഉപയോഗിച്ചിരുന്നില്ലെങ്കിൽ കേരളത്തിലും മററു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെപ്പോലെ 8 മുതൽ 12 മണിക്കൂറോളം ലോഡ് ഷെഡ്ഡിംഗും, 12 മണിക്കൂർ വരെ പവർ കട്ടും ഏർപ്പെടുത്തേണ്ടി വരുമായിരുന്നു.

(ബി) കേന്ദ്രവിഹിതമായുള്ള വൈദ്യുതി യഥാസമയം നേടിയെടുക്കുന്നതിലുണ്ടായ വീഴ്ച കാരണം എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, കഴിഞ്ഞ രണ്ടു വർഷത്തിനിടയിലുള്ള നഷ്ടത്തിൻെറ തോത് എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര ഗവൺമെൻറാണ് വിവിധ സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഗവൺമെൻറ് അധീനതയിലുള്ള വൈദ്യുതി വിഹിതം നൽകുന്നത്. ഒരു കേന്ദ്രനിലയം കമ്മീഷൻ ചെയ്യുമ്പോൾ തന്നെ ടി നിലയത്തിൽ നിന്നുള്ള വിഹിതം അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഇതിൽ പിന്നിട് മാറ്റം വരുത്താറില്ല. എന്നാൽ കേന്ദ്ര നിലയങ്ങളുടെ മൊത്തം സ്ഥാപിതശേഷിയുടെ 85% മാത്രമാണ് സ്ഥിരമായി വീതം വച്ച് നൽകുന്നത്. ബാക്കി 15% കേന്ദ്ര ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കും. ഇത് കേന്ദ്ര ഗവൺമെൻറ് വിവേചനാധികാരം ഉപയോഗിച്ച് ഓരോ സംസ്ഥാനത്തിൻെറയും വൈദ്യുതി ആവശ്യകത പരിഗണിച്ച് അൺ അലോക്കേറ്റഡ് ഷെയർ ആയി നൽകുന്നു. കഴിഞ്ഞ വർഷങ്ങളിൽ കേന്ദ്ര വിഹിതത്തിൽ സ്ഥിരമായിട്ടുള്ള അലോക്കേഷനിൽ കുറവുണ്ടായിട്ടില്ല. എന്നാൽ ഡൽഹിയിലുള്ള ജജ്ജാർ ഇന്ദിരാഗാന്ധി സൂപ്പർതെർമൽ നിലയത്തിൽ നിന്നും 90-100 മെഗാവാട്ട്

വൈദ്യുതി കഴിഞ്ഞ കാലഘട്ടങ്ങളിൽ കിട്ടിയിട്ടുണ്ട്.

(സി) വൈദ്യുതി വാങ്ങുന്നതിനു ടെൻഡർ വിളിച്ച് ദീർഘകാല കരാർ ഉണ്ടാക്കുന്നതിനുള്ള കാലതാമസം മൂലം നഷ്ടമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്ര ;

(സി) കേന്ദ്ര ഊർജ്ജ മന്ത്രാലയം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശ രേഖകളും, കേന്ദ്ര റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ പ്രകാരവും, സംസ്ഥാന റഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തിന് വിധേയമായാണ് കെ. എസ്. ഇ. ബോർഡ് ലിമിറ്റഡ് വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറിൽ ഏർപ്പെടുന്നത്. 2014 മാർച്ചു മുതൽ 2017 ഫെബ്രുവരി വരെ 400 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിതമായി ശരാശരി 4.50 രൂപാ നിരക്കിൽ വാങ്ങുന്നതിന് വൈദ്യുതി വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ടി കാലയളവിൽ തമിഴ്നാട് ഉൾപ്പെടെയുള്ള മററ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ യൂണിറ്റിന് ഏകദേശം 4 രൂപ 90 പൈസയോളം നിരക്കിലാണ് മത്സരാധിഷ്ഠിത അടിസ്ഥാനത്തിൽ വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്നാണ് അറിയുന്നത്.

(ഡി) എത്ര കോടി രൂപയുടെ നഷ്ടം ഇക്കാലയളവിൽ വൈദ്യുതി ബോർഡിനുണ്ടായിട്ടുണ്ടെന്നു വിശദമാക്കുമോ ?

(ഡി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ, ബോർഡിനുണ്ടായ നഷ്ടവും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ലാഭത്തിൽ വന്ന കുറവും ചേർത്ത് യഥാക്രമം 1934.13 കോടി രൂപയും 3998.89 കോടി രൂപയും റവന്യൂ ഗ്യാപ്പ് ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**